# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *411** 25.06.2019-ൽ മറുപടിയ്ക്ക്

## റോഡുകളിൽ യാത്ര സുഗമമാക്കുന്നതിന് നടപടികൾ

**ചോദ്യം**

ശ്രീ.ജെയിംസ് മാത്യു
ശ്രീ.എം. നൗഷാദ്
ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ. ബി.ഡി. ദേവസ്സി

(എ) ദേശീയപാതയിലെ അപകടസാധ്യത കൂടിയ സ്ഥലങ്ങൾ കണ്ടെത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നഗരങ്ങളിലൂടെയുള്ള ദേശീയപാതയിൽ സിഗ്നലിംഗ്, സൈൻബോർഡുകൾ, റിഫ്ളക്ടേഴ്സ് തുടങ്ങിയവ സ്ഥാപിച്ച് അപകടസാധ്യത കുറയ്ക്കുന്നതിനും സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

**മറുപടി**

ശ്രീ.ജി.സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സേഫ്റ്റി എന്ന ശീർഷകത്തിൽ സുരക്ഷിതത്വത്തിനുവേണ്ടിയുള്ള ഐറ്റങ്ങൾ ഉൾപ്പെടുത്തിയിട്ടാണ് എല്ലാ എസ്റ്റിമേറ്റുകളും തയ്യാറാക്കുന്നത്. ദേശീയപാതകളിൽ തുടർച്ചയായി അപകടം നടക്കുന്ന സ്ഥലങ്ങൾ ബ്ലാക്ക് സ്പോട്ട് ആയി കണ്ടുകൊണ്ട് പഠനം നടത്തി റോഡ് സുരക്ഷാ പ്രവൃത്തികൾ നടത്തി വരുന്നു. ദേശീയപാത വിഭാഗത്തിൽ വിവിധ റോഡുകളിൽ റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തുകയും പ്രശ്ന ബാധിത ഭാഗങ്ങളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി ആയവ പരിഹരിക്കാറുണ്ട്. പുതിയ റീസർഫസിംഗ് പ്രവൃത്തികൾ നടത്തുന്ന കൂട്ടത്തിൽ ആവശ്യമായ സൈൻ ബോർഡുകൾ. റമ്പിൾ സ്ട്രിപ്പ്, ബ്ലിങ്കേഴ്സ് ലൈറ്റ്, ആവശ്യമായ മുന്നറയിപ്പ് ബോർഡുകൾ, സ്റ്റഡുകൾ , മാർക്കിംഗുകൾ എന്നിവ സ്ഥാപിച്ച്

അപകട സാധ്യത കുറയ്ക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. റോഡ് സേഫ്റ്റിക്കും, ഗവേഷണത്തിനും, ഡിസൈനിങ്ങിനുമായി നാറ്റ്പാക്ക്, റോഡ് സേഫ്റ്റി അതോറിറ്റി, കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുതലായ സ്ഥാപനങ്ങൾ മുഖേന പഠനങ്ങൾ നടത്തുന്നുണ്ട്.

**(ബി)** നഗരങ്ങളിൽ പ്രത്യേകിച്ച്, പാതയോരം വിവിധ താല്പര്യങ്ങളോടെ കയ്യേറുന്നത് വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് കർശനമായി നടപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) സർക്കാർ ഉത്തരവ്(കൈ) നം.63/16/പൊ.മ.വ. തീയതി 03/09/2016 പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാദ്ധ്യമാക്കുന്നതിനും വേണ്ടി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് സാധ്യമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവു പ്രകാരം സംസ്ഥാനത്തെ നാഷണൽ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999 ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ3) പ്രകാരമുള്ള ഹൈവേയായി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും, ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ച് പരിധിയിൽ വരുന്ന റോഡുകളുടെ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൻ.എച്ച്) നേയും, സ്റ്റേറ്റ് ഹൈവേകളുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ആർ &ബി)യേയും 1999 ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ4) പ്രകാരം നിയമിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഇത്തരം കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള അധികാരം

മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. ടി ഉത്തരവുകൾ കർശനമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടർമാരും ജില്ലാതല ഉദ്യോഗസ്ഥൻമാരുമായും നടത്തിയ വീഡിയോ കോൺഫറൻസിൽ ഇത്തരം കൈയ്യേറ്റങ്ങൾ കണ്ടെത്തി അവ ഒഴിപ്പിക്കുന്നതിന് പൊതുമരാമത്ത്, പോലീസ്, റവന്യൂ എന്നീ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(സി)** അനധികൃത പാർക്കിംഗും പരസ്യ ബോർഡുകളും റോഡപകടം വർദ്ധിക്കുന്നതിനും ഗതാഗതക്കുരുക്കിനും നല്ലൊരു പങ്ക് വഹിക്കുന്നതിനാൽ ഇവ ഒഴിവാക്കുവാനായി നടപടിയെടുക്കുമോ;

(സി) ബഹു.കേരളാ ഹൈക്കോടതി വിധിയുടെയും കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിന്റെയും അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ഉള്ള നിയമാനുസൃതമല്ലാത്തതും ഗതാഗതത്തിന് തടസ്സമുണ്ടാക്കുന്നതുമായ പരസ്യബോർഡുകൾ മുതലായവയ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാനും ആയവ ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ എല്ലാ റോഡ്സ് ഡിവിഷനുകളിലേയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. അനധികൃത പാർക്കിംഗ് ഒഴിവാക്കുന്നതിനായി പാർക്കിംഗ് നിരോധിച്ചിട്ടുള്ള സ്ഥലങ്ങളിൽ സൈൻ ബോർഡുകൾ, മാർക്കിംഗുകൾ എന്നിവ പൊതുമരാമത്ത് വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ പാർക്കിംഗ് കർശനമായി നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതിന്റെ ഉത്തരവാദിത്വം പോലീസ് വകുപ്പിൽ നിക്ഷിപ്തമാണ്. തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപം മുതൽ സെക്രട്ടറിയേറ്റിന്

മുന്നിലുമുള്ള ഇരുവശത്തുമുള്ള Carriage way ൽ PWD അറിയാതെ വാഹനങ്ങൾ പാർക്ക ചെയ്യുന്നു. ദേശീയപാത വാടകക്ക് നൽകി പണം പിരിച്ച് കോർപ്പറേഷൻ ഫണ്ടിൽ അടക്കുന്ന ചട്ട വിരുദ്ധമായ നടപടി കഴിഞ്ഞ 4 വർഷമായി നടന്നു വരുന്നു. ഇത് Highway Protection Act, PWD Manual, Road Safety Act, എന്നിവക്കെല്ലാം എതിരാണ്. അനധികൃത പാർക്കിംഗും പണപ്പിരിവും ഒഴിവാക്കണമെന്നു നഗരസഭാ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്, Police കമ്മീഷണറെയും വിവരം അറിയിച്ചിട്ടുണ്ട്.

**(ഡി1)** പൊതുടോയിലറ്റുകളുടെ അഭാവം കൊണ്ട് സഞ്ചാരികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ പ്രാകൃത തരത്തിലുള്ള പൊതുടോയിലറ്റ് എന്നതിന് പകരം റെസ്റ്റ് റൂമുകൾ എന്ന നിലവാരത്തിൽ വഴിയോര സൗകര്യങ്ങൾ ഏർപ്പെടുത്താൻ രൂപീകരിച്ച ആശ്വാസ് പബ്ലിക് അമനിറ്റീസ് കേരള ലിമിറ്റഡ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ?

(ഡി) ദീർഘദൂര യാത്രക്കാർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും വിനോദസഞ്ചാരികൾക്കും, ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും വെടിപ്പുമുള്ള ടോയ് ലറ്റ് സൗകര്യങ്ങളോടുകൂടിയ വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനാണ് വകുപ്പുമന്ത്രി ചെയർമാനായി പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഈ കമ്പനി രൂപീകരിച്ചിരിക്കുന്നത്. പൊതു ടോയിലറ്റുകളെക്കുറിച്ച് നിലവിലുള്ള ധാരണ മാറ്റാനുതകുന്ന വിധത്തിൽ ഭംഗിയായ രൂപകൽപ്പനയും കൃത്യമായ പരിപാലനവും ഉറപ്പുവരുത്തി, സ്വയംപര്യാപ്തമായി പ്രവർത്തിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പുരുഷന്മാർക്കും, സ്ത്രീകൾക്കും, പ്രായാധിക്യമുള്ള വർക്കും, അംഗവൈകല്യമുള്ളവർക്കും പ്രത്യേകം പ്രത്യേകമായി ടോയ് ലറ്റ് സൗകര്യത്തിന് പുറമെ ഭക്ഷണശാല, മെമന്റോ ഷോപ്പ്, വിശ്രമസൗകര്യം, യാത്രക്കാർക്കാവശ്യമായ വിവരങ്ങൾ,

വാഹനങ്ങൾ കഴുകുന്നതിനും മറ്റുമുള്ള സൗകര്യം, പൂന്തോട്ടം, തുടങ്ങിയവ ഉൾപ്പെടെ അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് രൂപകൽപ്പന ചെയ്ത് 24 മണിക്കൂറും പ്രവർത്തിപ്പിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ